# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18-01-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് രാജ്യത്തിൻറെ കിഴക്കൻ മേഖലയുടെ വികസന ത്തിന് കേന്ദ്ര സർക്കാർ മുൻഗണന നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
   **Prime Minister Narendra Modi has said that the central government is giving priority to the development of the eastern region of the country to achieve the goal of a developed India.**
2. രാജ്യ വികസനത്തിന്റെ നട്ടെല്ലാണ് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെന്ന് കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി.
   **Union Minister Jitan Ram Manjhi said that micro, small and medium enterprises are the backbone of the country's development.**
3. അടുത്ത രണ്ട് വർഷത്തിനുള്ളിൽ രാജ്യത്ത് ഏഴായിരത്തി തൊള്ളായിരം കിലോമീറ്ററിലധികം ട്രാക്കുകൾ പുതുക്കിപ്പണിയുമെന്ന് ഇന്ത്യൻ റെയിൽവേ.
   **Indian Railways will renovate more than 7,900 km of tracks in the country in the next two years.**
4. എൻ സി സി അച്ചടക്കം, ധൈര്യം, ഉത്തരവാദിത്തം എന്നിവ പഠിപ്പിക്കുന്നതായി കേന്ദ്രമന്ത്രി സഞ്ജയ് സേത്ത്.
   **Union Minister Sanjay Seth says that NCC teaches discipline, courage and responsibility.**
5. 64-ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവ കിരീടം കണ്ണൂരിന്. തൃശ്ശൂർ രണ്ടാമത്.
   **64th Kerala State School Kalolsava title goes to Kannur. Thrissur comes second.**
6. ന്യൂസിലൻഡിന് എതിരായ ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് 338 റൺസ് വിജയലക്ഷ്യം.
   **India sets a target of 338 runs to win in the ODI cricket match against New Zealand.**

&&&&&&&&&&&&&&&&&&

## EVE. PM–WEST BENGAL (INTRO)

വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിന് രാജ്യത്തിൻറെ കിഴക്കൻ മേഖലയുടെ വികസനത്തിന് കേന്ദ്ര സർക്കാർ മുൻഗണന നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പശ്ചിമ ബംഗാളിലെ ഹൂഗ്ലി ജില്ലയിലെ സിംഗൂരിൽ 830 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പശ്ചിമ ബംഗാളിനെ ഉൽപ്പാദന-വ്യാപാര-ലോജിസ്റ്റിക്സ് മേഖലകളുടെ പ്രധാന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള സ്തംഭങ്ങളാണ് ഈ പദ്ധതികളെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

(വോയ്സ്)

പശ്ചിമ ബംഗാളിന്റെ റെയിൽവേ യാത്രാസൗകര്യങ്ങൾക്ക് ഊന്നൽ നൽകി ഇന്ന് മൂന്ന് അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകൾ പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു. കൊൽക്കത്തയ്ക്കായി കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് നിർമിച്ച ഉൾനാടൻ ജലഗതാഗത യാനവും അദ്ദേഹം ഉൽഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

## PM – ASSAM/WB PROJECTS

അസമിലെ നാഗോൺ ജില്ലയിലെ കാലിയബോറിൽ ആറായിരത്തി 950 കോടിയിലധികം രൂപ ചെലവ് പ്രതീക്ഷിക്കുന്ന കാസിരംഗ എലിവേറ്റഡ് കോറിഡോർ പദ്ധതിയുടെ ശിലാസ്ഥാപനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. 86 കിലോമീറ്റർ നീളമുള്ള ഈ ഉയരപ്പാത പരിസ്ഥിതി സൗഹൃദ ദേശീയ പാത പദ്ധതിയാണ്. കാസിരംഗ ദേശീയോദ്യാനത്തിലൂടെ കടന്നുപോകുന്ന 35 കിലോമീറ്റർ എലിവേറ്റഡ് വന്യജീവി ഇടനാഴി ഇതിൽ ഉൾപ്പെടും. പാർക്കിന്റെ സമ്പന്നമായ ജൈവവൈവിധ്യത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനൊപ്പം ഗതാഗത സംവിധാനം മെച്ചപ്പെടുത്തുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&

## KALOLSAVAM

64-ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കണ്ണൂർ ജില്ലയ്ക്ക് കിരീടം. അവസാന മത്സരം വരെ നീണ്ട പേരാട്ടത്തിൽ ഫോട്ടോ ഫിനിഷിലാണ് കണ്ണൂരിന്റെ കിരീട നേട്ടം. കഴിഞ്ഞ വർഷത്തെ ചാമ്പ്യന്മാരായ തൃശൂർ ആണ് രണ്ടാം സ്ഥാനത്ത്. കണ്ണൂർ 1028 പോയിന്റ് സ്വന്തമാക്കിയപ്പോൾ തൃശൂർ 1023 പോയിന്റ് നേടി. മൂന്നാം സ്ഥാനത്തെത്തിയ കോഴിക്കോടിന് 1017 പോയിൻറാണുള്ളത്. സ്കൂളുകളിൽ ആലത്തൂർ ഗുരുകുലം എച്ച്എസ്എസ് ഒന്നാം സ്ഥാനം നേടി. സമാപന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്തു. മന്ത്രി വി. ശിവൻകുട്ടി, നടൻ മോഹൻലാൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## JAISHANKAR – US SENATOR

വിദേശകാര്യ മന്ത്രി എസ്. ജയ് ശങ്കർ, ന്യൂഡൽഹിയിൽ യുണൈറ്റഡ് സ്റ്റേറ്റ്സ് സെനറ്റർ സ്റ്റീവ് ഡെയ്ൻസുമായി കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചക്കിടെ, ഉഭയകക്ഷി ബന്ധങ്ങളെക്കുറിച്ചും അതിന്റെ തന്ത്രപരമായ പ്രാധാന്യത്തെക്കുറിച്ചും ഇരുവരും ചർച്ച നടത്തിയതായി ജയ് ശങ്കർ സമൂഹമാധ്യമ കുറിപ്പിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## SETH-NCC CAMP

നാഷണൽ കേഡറ്റ് കോർപ്സ്, അച്ചടക്കം, ധൈര്യം, ഉത്തരവാദിത്തം എന്നിവ പഠിപ്പിക്കുന്നതായി പ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത്. 17 ലക്ഷം കേഡറ്റുകളിൽ രണ്ടായിരത്തി 400 കേഡറ്റുകൾക്ക് മാത്രമേ റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നുള്ളൂ എന്ന് ന്യൂഡൽഹിയിലെ കരിയപ്പ പരേഡ് ക്യാമ്പിൽ, നാഷണൽ കേഡറ്റ് കോർപ്സ് റിപ്പബ്ലിക് ദിന ക്യാമ്പ് സന്ദർശിക്കവേ അദ്ദേഹം പറഞ്ഞു. സന്ദർശന വേളയിൽ ശ്രീ സേത്ത് കേഡറ്റുകളുമായി സംവദിക്കുകയും എൻസിസി ഡയറക്ടർ ജനറലിൽ നിന്ന് ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുകയും ചെയ്തു.

&&&&&&&&&&&&&&&&&&

## RAILWAYS-TRACK DATA

അടുത്ത രണ്ട് വർഷത്തിനുള്ളിൽ ഏഴായിരത്തി തൊള്ളായിരം കിലോമീറ്ററിലധികം ട്രാക്കുകൾ പുതുക്കിപ്പണിയാൻ ഇന്ത്യൻ റെയിൽവേ പദ്ധതിയിടുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ ഏഴായിരത്തി അഞ്ഞൂറ് കിലോമീറ്ററിലധികം ട്രാക്ക് പുതുക്കൽ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആറായിരത്തി എണ്ണൂറ് കിലോമീറ്ററിലധികം ട്രാക്ക് പുതുക്കൽ നടന്നിട്ടുണ്ടെന്നും റെയിൽവേ മന്ത്രാലയം ഇന്ന് അറിയിച്ചു.

&&&&&&&&&&&&&&&&&&

## .UAE president to visit India on January 19

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ക്ഷണപ്രകാരം യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാൻ നാളെ ഇന്ത്യ സന്ദർശിക്കും. പ്രസിഡന്റായി അധികാരമേറ്റതിനുശേഷം ഷെയ്ഖ് മുഹമ്മദ് ബിൻ സായിദിന്റെ മൂന്നാമത്തെ ഔദ്യോഗിക സന്ദർശനമാണിത്. ഇന്ത്യ-യുഎഇ തന്ത്രപരമായ സമഗ്രപങ്കാളിത്തം കൂടുതൽ മുന്നോട്ട് കൊണ്ടുപോകുന്നതിനും പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറുന്നതിനും ഈ സന്ദർശനം ഇരു രാജ്യങ്ങൾക്കും അവസരം നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

&&&&&&&&&&&&&&&&&&

## PM VISHWAKARMA HAAT (INTRO)

രാജ്യ വികസനത്തിന്റെ നട്ടെല്ലാണ് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെന്ന് കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി. ന്യൂഡൽഹിയിൽ പിഎം വിശ്വകർമ ഹാത്ത് 2026 ന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പി എം വിശ്വകർമ പദ്ധതിയുടെ ഭാഗമായി കരകൗശല വിദഗ്ധരുടെ ഉൽപ്പന്നങ്ങളുടെ പ്രദർശന ,വിപണന മേളയാണ് പിഎം വിശ്വകർമ ഹാത്ത്. കരകൗശല തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്യുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള വേദിയാണ് ഇതെന്നും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

എംഎസ്എംഇ സഹമന്ത്രി ശോഭ കരന്ദ്ലാജെയും ചടങ്ങിൽ സംബന്ധിച്ചു. രാജ്യത്തെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറ്റിപ്പതിനേഴിലധികം കരകൗശല വിദഗ്ധർ പങ്കെടുക്കുന്ന പരിപാടി ഈ മാസം 31 ന് അവസാനിക്കും.

&&&&&&&&&&&&&&&&&&

## EVE. J AND K-Encounter

ജമ്മു കശ്മീരിലെ കിഷ്ത്വാർ ജില്ലയിലെ സിംഗപുര പ്രദേശത്ത് സുരക്ഷാ സേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ ഉണ്ടായി. പ്രദേശത്ത് ഭീകരരുടെ സാന്നിധ്യമുണ്ടെന്ന വിവരത്തെ തുടർന്ന് സുരക്ഷാ സേന നടത്തിയ സംയുക്ത തിരച്ചിലിനിടെയാണ് വെടിവയ്പ്പ് ആരംഭിച്ചത്. പ്രദേശത്ത് കൂടുതൽ സേനയെ വിന്യസിച്ചിട്ടുണ്ട് . കൂടുതൽ വിവരങ്ങൾ ലഭ്യമല്ല.

&&&&&&&&&&&&&&&&&&

## TRUMPS TARIFF THREAT

ഗ്രീൻലാൻഡ് ഏറ്റെടുക്കാനുള്ള യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പദ്ധതിയെ അപലപിച്ചുകൊണ്ട് യൂറോപ്യൻ യൂണിയൻ ഇന്ന് അടിയന്തര യോഗം ചേരും. അമേരിക്കയുടെ താരിഫ് ഭീഷണികളെ എതിർക്കുന്നതായും ഡെൻമാർക്കിനെയും ഗ്രീൻലാൻഡിനെയും പിന്തുണയ്ക്കുന്നതായും യൂറോപ്യൻ പാർലമെന്റ് പ്രസിഡന്റ് റോബർട്ട മെറ്റ്സോള പറഞ്ഞു. ഗ്രീൻലാൻഡ് ഏറ്റെടുക്കുന്നതിന് അമേരിക്കയ്ക്ക് പിന്തുണ

നൽകാത്ത രാജ്യങ്ങളിൽ നിന്നുള്ള സാധനങ്ങൾക്ക് അടുത്ത മാസം 1 മുതൽ 10 ശതമാനം തീരുവ ഏർപ്പെടുത്തുമെന്ന് ട്രംപ് പ്രഖ്യാപിച്ചതിന് പിന്നാലെയാണ് യൂറോപ്യൻ യൂണിയൻറെ തീരുമാനം.

&&&&&&&&&&&&&&&&&&

## IMD-TRAIN DELAYED

ഡൽഹി, പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ നാളെ വരെ മൂടൽമഞ്ഞ് നിലനിൽക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും മൂടൽമഞ്ഞ് ട്രെയിൻ ഗതാഗതത്തെ ബാധിച്ചു. ഡൽഹിയിലേക്ക് പോകുന്ന 50 ലധികം ട്രെയിനുകൾ വൈകിയാണ് ഓടുന്നത്. യാത്രക്കാർ സ്റ്റേഷനിൽ എത്തുന്നതിനുമുമ്പ് ട്രെയിനുകളുടെ ഏറ്റവും പുതിയ സ്ഥിതി പരിശോധിക്കാൻ റെയിൽവേ നിർദേശിച്ചു.

&&&&&&&&&&&&&&&&&&

## GEORGE KURIAN

വികസന കാര്യത്തിൽ ജനങ്ങളുടെ ആവശ്യമാണ് ആദ്യം നടപ്പാക്കേണ്ടതെന്നും രാഷ്ട്രീയ പാർട്ടികൾ അവകാശവാദം ഉന്നയിക്കുന്നത് അതിന് ശേഷം മതിയെന്നും കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. പാലക്കാട് അകത്തേത്തറ ഗ്രാമ പഞ്ചായത്ത് സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നേരത്തെ തന്നെ ക്രെഡിറ്റ് ആർക്ക് ലഭിക്കും എന്ന് ചിന്തിച്ചു കഴിഞ്ഞാൽ സമൂഹത്തിൽ വികസനം ഉണ്ടാവില്ലെന്നും ജോർജ്ജ് കുര്യൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## RAJEEV CHANDRASEKHAR

തിരുവനന്തപുരത്ത് നിന്നും ചെന്നൈ താമ്പരത്തേയ്ക്കും, ഹൈദരാബാദിലേയ്ക്കും അമൃത് ഭാരത് ട്രെയിനുകൾ അനുവദിച്ചെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് അറിയിച്ചതായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. കൂടാതെ ഗുരുവായൂരിനും തൃശ്ശൂരിനും ഇടയിൽ പുതിയ ട്രെയിനിനും അനുമതിയായിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## IND-NZ-ODI CRICKET

ന്യൂസിലൻഡിന് എതിരെ ഇൻഡോറിൽ നടക്കുന്ന മൂന്നാം ഏകദിന ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യക്ക് 338 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ന്യൂസിലൻഡ് നിശ്ചിത 50 ഓവറിൽ എട്ട് വിക്കറ്റിന് 337 റൺസ് എടുത്തു. ഡാരിൽ മിച്ചലും ഗ്ലെൻ ഫിലിപ്പും ന്യൂസിലൻഡിനായി സെഞ്ച്വറി നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യ ഒടുവിൽ വിവരം ലഭിക്കുമ്പോൾ 16 ഓവറിൽ 4 വിക്കറ്റിന് 84 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&&&&&&

## KALARIPPAYATTU

ഖേലോ ഇന്ത്യ കളരിപ്പയറ്റ് നാഷണൽ ലീഗ് അണ്ടർ 18 മത്സരത്തിൽ 10 സ്വർണ മെഡലുകളോടെ കേരളം കിരീടം ചൂടി. കർണാടകയാണ് രണ്ടാം സ്ഥാനത്ത്. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും ഇന്ത്യൻ കളരിപ്പയറ്റ് ഫെഡറേഷനും സംയുക്തമായിട്ടാണ് തിരുവനന്തപുരത്ത് ലീഗ് സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&&

## SIR KERALA

കേരളത്തിൽ SIR-ൻറെ ഭാഗമായുള്ള കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികളും, എതിർപ്പുകളും ഈ മാസം 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുക ളിൽ കരട് പട്ടിക ലഭ്യമാണ്.

&&&&&&&&&&&&&&&&&&&

## FACT CHECK - VBGRAMG

വിബി ജി റാം ജി നിയമത്തിന് കീഴിൽ മിനിമം വേതനം നിയമപരമായി നിർണ്ണയിക്കില്ലെന്ന് അവകാശപ്പെട്ട് കൊണ്ട് സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. ഈ വീഡിയോ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു. തൊഴിലാളികൾക്ക് നൽകുന്ന വേതന നിരക്കിൽ

കുറവുണ്ടാകില്ലെന്നും നിയമപരമായ തൊഴിൽ ഉറപ്പ് മുമ്പത്തെപ്പോലെ തന്നെ തുടരുമെന്നും പി ഐ ബി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&